## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 191 | 17/02/2016-ൽ മറുപടിക്ക്

## ആദിവാസികളുടെ പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ :<br>,, കോടിയേരി ബാലകൃഷ്ണൻ :<br>,, സി.കൃഷ്ണൻ :<br>,, ബി.ഡി. ദേവസ്സി : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് ഈ സർക്കാരിന്റെ കാലയളവിൽ സംഭവിച്ചതെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ആദിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഈ സർക്കാരിന്റെ കാലയളവിൽ വീഴ്ച ഉണ്ടായിട്ടില്ല. ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14/10/2014 ന് ചേർന്ന യോഗത്തിൽ ആദിവാസികൾക്ക് ഭൂമി നൽകുന്നതുമായും ഭവന നിർമ്മാണവുമായും, പെസ നിയമം നടപ്പിലാക്കുന്നതുമായും വിദ്യാർത്ഥികൾക്ക് പഠന ആനുകൂല്യം നൽകുന്നതുമായും ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. ഇത് സംബന്ധിച്ച നടപടി പുരോഗമിച്ചുവരുന്നു. |
| (ബി) | അട്ടപ്പാടിയിലെ ആദിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയും മന്ത്രിമാരും ചേർന്നെടുത്ത തീരുമാനങ്ങൾ നടപ്പിലായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) യും (സി) യും | അട്ടപ്പാടിയിലെ ആദിവാസി കളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പുരോഗതി അവലോകനം ചെയ്യുന്നതിനുമായി 20/12/2013 നും 23/06/2014 നും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ യോഗങ്ങൾ ചേർന്നിട്ടുണ്ട്.<br>20.12.2013 ലെ യോഗത്തിൽ അട്ടപ്പാടിയിലെ പ്രവർത്തനങ്ങൾ ഒറ്റപ്പാലം സബ് കളക്ടറുടെ ചുമതലയിൽ ഏകോപിപ്പിച്ച് നടത്തണമെന്ന് തീരുമാനിച്ചിരുന്നു. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ആദിവാസികളുടെ ക്ഷേമ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ ജലനിധിയുടെ പ്രോജക്ടുകൾ നടപ്പാക്കുന്നത്, കമ്മ്യൂണിറ്റി കിച്ചൺ സജീവമാക്കുന്നത്, ആദിവാസികൾക്കു പൂർണ്ണമായും റേഷൻ ലഭ്യമാക്കുന്നത്, സ്വയം വരുമാനം ആർജ്ജിക്കുവാൻ വേണ്ട പ്രോജക്ടുകൾ നടപ്പാക്കുന്നത് എന്നീ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിവരുന്നു. അട്ടപ്പാടി മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെയും വിവിധ വകുപ്പുകളുടെയും പ്രവർത്തനങ്ങൾ യോജിപ്പിച്ച് മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ഉപയോഗത്തിനെതിരെ എൻഫോഴ്സ്മെന്റ് പ്രവർത്തനവും ബോധവൽക്കരണവും |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ ആദിവാസികൾക്ക് പ്രഖ്യാപനങ്ങളും ആശകളും മാത്രമാണ് ലഭിക്കുന്നതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ശക്തമാക്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ ആരോഗ്യ കേരളം പദ്ധതിയുടെ വിവരങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു.<br>23/06/2014 ലെ യോഗത്തിൽ ഡോ. പ്രഭുദാസിനെ അട്ടപ്പാടിയിലെ ആരോഗ്യ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി നിയോഗിച്ചു. അട്ടപ്പാടിയിലെ സർക്കാർ ആശുപത്രിയിൽ 75 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 5മൊബൈൽ ക്ലിനിക്കുകളും മൂന്ന് ന്യൂട്രിഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്.<br>കേരള വാട്ടർ അതോറിറ്റിയുടെ ജലനിധി സ്കീം വഴി പഞ്ചായത്തുകളിൽ ശുദ്ധജല വിതരണം നടത്തുന്നതിനായി 11 കോടി രൂപ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.<br>അട്ടപ്പാടി ബ്ലോക്കിലെ മൂവായിരത്തോളം പേർക്ക് കേരള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ പദ്ധതി പ്രകാരം കോഴികളെ വിതരണം ചെയ്തിട്ടുണ്ട്.<br>അട്ടപ്പാടിയിൽ സർക്കാർ കോളേജ് ആരംഭിക്കുന്നതിനായി മൃഗ സരക്ഷണ വകുപ്പിന്റെ കീഴിലുള്ള 6 ഏക്കർ സ്ഥലം വിനിയോഗിക്കുന്ന നടപടി പുരോഗതിയിലാണ്.<br>അട്ടപ്പാടിയിൽ സപ്ലൈകോയുടെ സബ് ഡിപ്പോ നിർമ്മിക്കുന്നതിനായി നടപടി കൈക്കൊണ്ടു പോരുന്നു.<br>അട്ടപ്പാടി മേഖലയിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നടപ്പു സാമ്പത്തികവർഷം 2296 വീടുകൾ അനുവദിച്ചിട്ടുണ്ട്.<br>19/08/2015 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അട്ടപ്പാടിയിലെ മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകണമെന്നും, അട്ടപ്പാടിയിൽ പ്ലസ് വണ്ണിന് പ്രവേശനം ലഭിക്കാത്ത എല്ലാ ആദിവാസി കുട്ടികൾക്കും പ്രത്യേക സർക്കാർ ഉത്തരവിലൂടെ പ്രവേശനം നൽകാനും, എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ അട്ടപ്പാടിയ്ക്കായി തയ്യാറാക്കിയ "സീറോ ഹംഗർ ഇൻ ട്രൈബൽ ഹാബിറ്റാറ്റ്സ്" എന്ന പദ്ധതിയ്ക്കായി ഒരു ഉപസമിതിയെ ചുമതലപ്പെടുത്താനും, പ്രസ്തുത സമിതിയിൽ പട്ടികവർഗ്ഗ ക്ഷേമം, ധനകാര്യം, പ്ലാനിംഗ്, ജലവിഭവ-വകുപ്പുകളുടെ സെക്രട്ടറിമാർ, ഒറ്റപ്പാലം സബ് കളക്ടർ, എന്നിവരെ അംഗങ്ങളാക്കാനും യോഗത്തിൽ തീരുമാനിച്ചു. അട്ടപ്പാടിയിൽ ഗോതമ്പിനു പകരം റാഗി സ്ഥിരമായി വിതരണം ചെയ്യുന്നതിനുള്ള സാധ്യത ആരായുവാനും തീരുമാനിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

# INTERVENTION IN ATTAPPADY -NOTE ON ACTION TAKEN
## NRHM (AROGYAKERALAM)
## PALAKKAD

ബോധനാഭ്യാസം

### INTERVENTION IN ATTAPPADY BY NRHM (AROGYAKERALAM) PALAKKAD IN CO-OPERATION WITH DEPARTMENT OF HEALTH SERVICES

- A Gynecologist was posted at Government Tribal Speciality Hospital, Kottathara on contract basis by NRHM. She is a trained sonologist. In addition to that a Gynecologist under NRHM from W&C hospital is providing weekly 2 days service at GTSH Kottathara. A fulltime Anesthetist has been appointed through NRHM. In addition to that 4 contract doctors have been posted at GTSH Kottathara Hospital, 2 doctors in PHC Pudur,2 doctors in PHC Sholayur and 1 doctor in PHC Anakkatty. 24 hours IP facility has been started in PHC Pudur.
- As a part of improving labour room,Operation theatre and New born care facilities and primary health care in Attappady, 9 staff nurses have been posted at GTSH Kottathara through NRHM. Apart from that 4 staff nurses have been posted at CHC Agali, 2 staff nurses in PHC Pudur, 3 staff nurses in PHC Sholayur and 1 staff nurse in MMU3.Apart from this 4 JPHNs posted in GTSH Kottathara and 3 JPHNs to MMUs .
- For improving patient care facilities at GTSH Kottathara equipments like Crash cart, Autoscope , Air conditioner, and refrigerator has been purchased .Furniture, stretches trolley, full-arm chairs, visiting chairs, bedside lockers etc have also been provided to GTSH Kottathara. Public Address system, token system, intercom facilities and fire extinguisher also provided to upgrade the facility to KASH Standards.
- IFA tablets have been made available at all sub-centers through the ASHA kit and it is been supplied to all eligible beneficiaries. Weekly Iron Folic Acid tablets for adolescent girls are being distributed (96000 tablets in all schools in Attappady and 29250 tablets through anganwadi workers) through NRHM under WIFS program. NRHM has provided 150000 Iron and Folic Acid tablets through KMSCL and 50000 tablets through Karunya pharmacy. Folic acid tablets have been distributed through KMSCL to all Anganvadis for antenatals.
- Blood storage facility fully functional in GTSH Kottathara Hospital.
- Major OT has been modified in GTSH Kottathara by repairing the existing equipments and purchase order issued to KMSCL for Anaesthesia Work station .
- From the month of May 2013 MMU-1, MMU-2, MMU- 3 were assigned to cover Agali, Pudur, Sholayoor Grama Panchayats respectively as per a pre-planned schedule.Apart from that 2 more MMUs under NRHM have been established ,MMU 4 and MMU5 with vehicle on contract,with adequate medicines purchased through KCP. Doctors have been posted to mobile medical units 3, 4 and 5 on Contract. NRHM has also provided a vehicle in PHC Sholayur for strengthening field activities.
- Nutrition Rehabilitation Centres have been started in CHC Agali,PHC Pudur and PHC Sholayur. An amount of Rs 100000/- each was given through NRHM for the operational cost of NRC. Doctors, staff nurses, nutrition counsellors, Medical social workers, Cook cum Care Taker,Attender and Dietician have been posted in NRC .They were given

training in SAT Hospital,Trivandrum. Equipments worth 1.38 lakhs have been supplied to these NRCs. NRC Training organized for key officials with the support of UNICEF for 4 doctors,5 staff nurses ,2 Medical social workers ,2 nutritionists from NRCs ,5 District Officials and 2 State level officials .

- The proposal for renovation of demolished subcentres in Attappady for an Estimate of Rs 1.87 crores have prepared by Nirmithi Kendra and approved through NRHM Supplementary PIP and Administrative sanction given by State Mission Director ,NRHM.Proposal for construction of new subcentres for 75 lakhs is also approved through supplementary PIP . Out of 24 subcentres 10 subcentres have been completed renovation and remaining works in progress .
- Comprehensive health package Attappady submitted through supplementary PIP aimed at improving laboratory facilities in Attappady area for which an amount of Rs 23.78 lakhs for GTSH Kottathara,Rs 6.06 lakhs for CHC Agali and 4.79 lakhs for PHC Pudur. Equipments for lab strengthening procured through KMSCL and installation in progress.Apart from this two mobile Biochemistry analyzers have been supplied through NRHM to MMU2 and MMU3 .The purpose of the lab is to conduct biochemistry tests like glucose,urea,uric acid etc.It is a portable equipment and has 24 hr backup.All facilities of a lab is available in this biochemistry analyser.Reagents have also been procured and given through NRHM. An amount of 4.8 lakhs have been expended for the purchase of this equipment.
- In CHC Agali 2 weighing machines and infantometres have been provided -1 for NRC and other for OP.
- Asha, Anganvadi workers ,tribal promoters and health animators has been given sensitization on identification of malnutrition specially among under 5 children and to line list all malnourished children with the support of UNICEF .Considering the report submitted by UNICEF team it is decided to strengthen obstetric ,neonatal care practices in facilities and field level .As part of this, intensive BEMoC training is organized for 15 doctors and 22 staff nurses from Attappady to improve facility level obstetric and neonatal care .Apart from this special strategy is evolved to drastically improve community level neonatal care by training public health nurses, Asha workers and tribal health animators to provide and monitor home based newborn care services. With the support of UNICEF, MUAC tapes for measuring mid-arm circumference for assessing malnutrition have been provided to all Asha workers and necessary training has been given.
- Funds have been provided to Attappady for the up gradation of Govt health facilities in the area as Untied funds for CHC, PHCs and GTSH Kottathara .Annual Maintenance Grant for subcentres, HMS for CHC , PHCs and GTSH Kottathara.
- Training organized for health staff,Anganvadi staff ,Tribal promoters and animators on adolescent health ,Antenatal care Post natal care . nutrition etc through State Institute of Health & Family Welfare .Asha workers and health animators are sensitized and oriented on adolescent health aspects ,Antenatal care, Post natal care and nutrition aspects specific to Attappady.
- 4 staff nurses and 2 doctors (1 pediatrician and 1 MBBS )trained in IMCH Chennai on Facility based New born care (SNCU)with support of UNICEF.

- Second JPHNs posted in all 24 peripheral subcentres and training on RMNCH+A (6 Days ) ,NSSK (2 days ), HBNC (1 day).Specific job responsibility entrusted to take care of adolescent girls ,antenatals and newborn in view of recommendations of respected Advisor to Hon:Prime Minister.As part of this all antenatals will be line listed and monitored bi-weekly on Weight, Hb, BP and weight gain and any dangerous signs.All new borns from this area will be visited by Asha workers and specifically look for correct practices for newborn care based on a checklist provided to them for appropriate corrective measures through effective health education.
- As part of community development programme under comprehensive health plan in Attappady 10 social work trainees were placed in 5 hamlets on pilot basis for reorganizing community for social well being through need analysis ,better planning and implementation of programmes. Household survey completed in all the 5 hamlets and resource mapping will be done this week.
- It is planned to screen all school children from Attappady both Aided and Unaided on BMI,BP,Routine screening ,refractive errors and all girl children of $8^{th}$ -$12^{th}$ standard for Hb, sickle cell screening for all tribal children based on suggestion from DPI.Efforts will be taken for better implementation of WIFS and menstrual hygiene programme through schools and tribal hostels.Adolescent health clubs are formed in all tribal hostels to promote better health practices .All clubs are equipped with notice boards ,weighing machines, studiometre and other IEC materials.
- 10 tribal volunteers from Agali Area has been identified for the masonry training being conducted by Nirmithi Kendra in Attappady .
- Bethany Medical centre ,Anakkatty has been included for performing Family Welfare services including Medical termination of Pregnancy free of cost to the acceptors by the District Quality Assurance Committee and MTP committee ,Palakkad
- SNCU in GTSH Kottathara and NBSU in CHC Agali inaugurated in Attappady. All equipments for SNCU worth 20 lakhs and NBSU worth 2.5 lakhs have been procured and given through NRHM.

-----------------------------

R. [signature]
സെക്ഷൻ ഓഫീസർ